# ഇതളുകൾ

സ്കൂൾ ഡിജിറ്റൽ മാഗസിൻ

## ജി.എച്ച്.എസ്.എസ്.ആനമങ്ങാട്

ലിറ്റിൽ കൈറ്റ്സ്

2023-24



# ജയശ്രീ

വൈസ് പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്.ആനമങ്ങാട്

ഏറെ അഭിമാനിക്കാവുന്ന ഒന്നാണ് നമ്മുടെ കുട്ടികൾ തയ്യാറാക്കുന്ന 'ഇതളുകൾ' എന്ന ഡിജിറ്റൽ മാഗസിൻ. സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം ഉപയോഗിച്ച് കുട്ടികൾ സർഗാത്മക മുന്നേറ്റം നടത്തുന്നതിൽ ഏറെ അഭിമാനത്തോടെ എല്ലാ വിധ നന്മകളും ആശംസിക്കുന്നു.



# സെയ്ത് ആലിക്കൽ

പി.ടി.എ പ്രസിഡന്റ്
ജി.എച്ച്.എസ്.എസ്.ആനമങ്ങാട്

കുട്ടികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിന് വേണ്ടി ലിറ്റിൽ കൈറ്റസ് കൂട്ടായ്മകളുടെ ഫലമായുണ്ടായ 'ഇതളുകൾ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാ നന്മകളും ആശംസിക്കുന്നു.



# മഴ

പയ്യെ പയ്യെ വേനൽ കടന്നുപോയ്
മുത്തശ്ശി  മാവ് അവളെയും കാത്ത്
അങ്കണത്തിൽ നിന്നും
ക്രൂരനായ ഇടി വന്നു
എന്നിട്ടന്തെ അവൾ വന്നില്ല
അന്ധകാരം പടർന്നു
പക്ഷികൾ കൂട്ടം തേടി പറന്നു
തവളകൾക്കെല്ലാം ആർത്തുല്ലസിക്കാൻ
മേഘത്തിന്റെ മകളായ അവൾ വരുന്നു
ഉമ്മറപ്പടിയിൽ കുട്ടികളെല്ലാം
കടലാസുപേപ്പറുകളാൽവന്നുനിന്നു
ഓരോന്നുമോരോ തോണികളായ്
പ്രകൃതിതൻ കാത്തിരിപ്പങ്ങനെ
അവസാനമായി തീർന്നു

പൂക്കൾക്കെല്ലാം പുഞ്ചിരി വിടർന്നു
രാഗസനന്ദര്യം നിറഞ്ഞ  ഗായികയായവൾ
മുറ്റത്തെ  പൂന്തോട്ടം തിളങ്ങി നിന്നു
തോട്ടം പുഴയും നിറഞ്ഞൊഴുകി
കാലം കടന്നു പോയ്
വേനൽ കടന്നുപോയ്
അവസാനിക്കാത്ത ഓർമ്മകളുടെ
സ്വർകത്തിന്റെ കണ്ണുനിരായിന്നവൾ
പണ്ടത്തെ കാലം കടന്നുപോയ്
ഇന്നവളെ ജനൽപാളികളിലൂടെ
നോക്കിനിന്നു ആർക്കും വേണ്ടാത്ത
അവൾ ....
അന്ന് നൃത്തമഴ
ഇന്ന് കണ്ണീർമഴ

അനുശ്രീ.കെ



Amana yasmi

# NEVER ENDING WISH

Far away, there was a land where human's and fairies lived. The fairies were not visible to human but the fairies could see them. The fairies had separate duties. Some were engaged in garden duties and some in making breeze blooming flowers etc... There was a fairy whose work was to give magical dust to the other fairies. Magical dust was a golden dust that is useful for everything. It was also useful for fairies to fly more energetically. But he wasn't happy with that. He wanted to fly to the towns and do work like the other fairies. In the city there was a kid who loved to draw. Her name was rosie. She wanted to be an artist. her parent both had jobs. As they were busy. All time they didn't had time to care rosie and her brother robin. Their parents often tightened each other. Their family wasn't too happy. Rosie often cried because of this at night and shared her happiness and badness to her toys. when she drew beautiful pictures she shows to her parents but they won't pay attention to it when she shows it to her elder brother because of his family's condition. Earlier when they were young it was fall of joy. But now he also changed a lot only because of the daily agreement's now also he won't pays attention to her.

One day she woke up very happily because the next day was her birthday. She thought that they would remember that day and prepares for it. But no one remembered it. It anyone asked about it she say them her wish. But that day was as usual with arguments. On the other side the fairy of magical dust decided to go out to the towns. everyone went to work he also went out security. That was the first time he went out. He enjoyed it very much. As humans can't see him he could easily go through them. He travelled through gardens, shops, parks and apartments. It was very late. He was rushing back to his home. At that time he lost his way. He only had a sign, when he came. That was a house that had a room with full of drawings. He started to search that house. But he couldn't find it. He searched every where. suddenly it started to trine rain heavily. He was very scared because he couldn't fly in rain. It his wings are wet he will have to wait for long to dry it. It wasn't too easy. So he suddenly entered a nearby house through an opened window. When he



looked at the room he understood that this was the house he was searching for. That room was full of drawings. He was shocked when he saw these much pictures. There he saw a girl who was crying. she said: “what a fate. tomorrow is my birthday. But no one remember it”(sound of agreements hearing to the room) “they only have time to fight. No one is caring or loving me. How happy was those days when i was little. They will starts to talk about my birthday a week before. But now they won’t even remember at the day before birthday. Oh god! Why I have such a family. I wish our parent’s issues are solved and get back my past happy day”.When the fairy heard this he became sad. He waited for some times. The rain stopped and he flew back to home. At that day he was again and again thinking of it. Later he entered the room where magical dusts are kept. He tool some and flew to rosie’s house. Now the window was closed .He searched a hole to enter the house .entered through the kid hole of the door. He went straight to their parent’s room. Now they were asleep. He took his magical dust and powdered to their face and all over the body. Some more to their hearts to love their children and care them .He quickly went to robin’s room and powdered him also. Then he returned.

The next day rosie woke up as usual without much happiness. it was birthday. When she opened the door her parents and brothers were waiting  for her and hugging her. She was veryhappy. When she was about to cut the cake her father asked about her wish she said “The only wish I had is now falfilled. I don’t have any other wish. It I wish more it will be my greediness. The fairy was watching them from out of the window and smiled at them. When he went back he asked his big fairy to appoint him as a fairy to fulfills the birthday wishes to others.



# വേനൽ മഴ

"ഹോ എന്തൊരു ചൂടാ ഇത്...എത്ര ദിവസായി ഇങ്ങനെ ചുട്ടുപൊള്ളുന്നു...ഇന്ന് മഴ പെയ്യുമെന്നാ തോന്നുന്നത് അതാ ഇന്നൊരു പ്രത്യേക ഉരുക്കം....അച്ഛൻ ഇരുന്നു ആത്മഗതം ചെയ്യുന്ത് ജാനകി കേട്ടു. അതെന്താ അച്ഛൻ അങ്ങനെ പറഞ്ഞത്. ഇത്രയും ചൂടുള്ള ഈ ദിവസം മഴ പെയ്യുമെന്ന് അച്ഛന് എങ്ങിനെ അറിയാം? ഒരു പത്താം ക്ലാസ് കാരിയുടെ മനസ്സിൽ ഉയർന്നു വന്ന സ്വാഭാവിക സംശയമായിരുന്നു അത്..."അച്ഛാ ചൂട് കൂടുതലുള്ളപ്പോൾ എങ്ങനയാ മഴ പെയ്യാ...മഴ പെയ്യണമെങ്കിൽ മഴക്കാറൊക്കെ വേണ്ടേ? ഈ രാത്രിയിൽ ആകാശത്ത് മേഘങ്ങളുണ്ടെന്ന് നിനക്ക് എങ്ങനെ മനസ്സിലായി.ജാതകി തന്റെ സംശയഭാവം അഴിച്ച വച്ചു. ആ.. ന്റെ ജാനകി കുട്ടീടെ സംശയങ്ങൾ തുടങ്ങിയോ.... അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു പിന്നീട് ചാരുകസാരയിൽ ഒന്ന് ചാരിയിരുന്ന് വിശറിക്കൊണ്ട് എന്ന് കുറച്ച നേരം വീശി കണ്ണടച്ചിരുന്നുകറണ്ട് കുറേ നേരത്തെ പേയതാണ് ചൂടകറ്റാൻപനയോല വീശറി തന്നെ ആശ്രയം. അച്ഛന്റെ നെറ്റിയിൽ പൊടിഞ്ഞ നേർത്ത വിയർപ്പുതുള്ളികൾ വീശറിയുടെ തലോടലിൽ മെല്ലെ അലിഞ്ഞു പോകുന്നത് മെല്ലെ ജാനകി നോക്കിയിരുന്നു. മോളെ പകലായ പകലെല്ലാം ഈ മണ്ണ് ഏറ്റു വാങ്ങിയ ചൂട് ഭൂമി തിരികെ കൊടുക്കുന്നുണ്ട് അതിരിച്ചേൽപ്പിക്കലിലാണ് ഈ വായുവും അതിലുള്ളതെല്ലാതും ചൂട് പിടിക്കുന്നത് എന്നാൽ ആകാശത്ത് മേഘങ്ങളുണ്ടെങ്കിൽ അവ ഈ ചൂടിനെ അന്തരീക്ഷത്തിനു പുറത്തേക്കു പോകാനനുവതിക്കാതെ തിരിച്ചയക്കുന്നു. മണ്ണിന്റെയും വിണ്ണിന്റെയും ഈ നൽകലും തിരിച്ചേൽപ്പിക്കലും കാരണം ഇതിനുള്ളിലെ ജീവിതങ്ങൾ ഒരുക്കുന്നു.എന്ന് മാത്രം..ഉള്ളിലെയും പുറത്തെയും ഉരിക്കം. അച്ഛൻ അവസാനം പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ലെങ്കിലും ബാക്കിയെല്ലാം ജാനകിക്ക് മനസ്സിലായി. അച്ഛൻ അങ്ങനെയാണ് സംശയങ്ങൾക്കെല്ലാം മറു പടി തരും പക്ഷെ അവസാനം മേമ്പൊടിയായി ഒരു വാചകം കൂടി ഉണ്ടാകും അതിന്റെ അർത്ഥം ഒരിക്കലും മനസ്സിലാകില്ല. കുറച്ചും കൂടി വലുതായാൽ മനസ്സിലാകുമായിരിക്കും. ജീവിതങ്ങൾ

ഉരുകുന്നു എന്ന് മാത്രം... ഉള്ളിലെയും പുറത്തെയും ഉരുക്കം" അച്ഛൻ അവസാനം പറഞ്ഞതിന്റെ അർഥം മനസ്സിലായില്ലെങ്കിലും ബാക്കിയുമെല്ലാം ജാനകിക്ക് മനസ്സിലായി... അച്ഛൻ അങ്ങിനെയാണ് സംശയങ്ങൾക്കെ ല്ലാം കൃത്യമായ മറുപടി തരും പക്ഷെ അവസാനം മേമ്പോടിയായി ഒരു വാചകം കൂടി ഉണ്ടാകും അതിന്റെ അർത്ഥം ഒരിക്കലും മനസ്സിലാകാറില്ല. കുറച്ചുകൂടി വലുതായ



ാൽ മനസ്സിലാകുമായിരിക്കും.... ജാനകി പുറത്തോക്കിറങ്ങി. ആകാശത്തേക്ക് നോക്കി നക്ഷത്ത്രങ്ങളെല്ലാം മറഞ്ഞിരിക്കുന്നു മേഘക്കീറുകൾക്കിടയിൽ ഒളിച്ചുകളിച്ച് അമ്പിളിമാമൻ അവളെ കണ്ട് ചിരിച്ചു കാണിച്ചു. എന്തോ ഒരു വിഷാദച്ഛവയുള്ള ചിരി . അവൾ മെല്ലെ അകത്തേക്ക് കയറി . ജാനി പോയി കിടന്നോളിട്ടോ കരണ്ടില്ലല്ലോ ഇനി പഠിത്തം

നാളെ ആകാം ... ഞാൻ രാവിലെ വിളിച്ചുണർത്തർത്താം അകത്തുനിന്നു അമ്മയുടെ ശബ്ദം ..ശ്ശൊ ഇനിപ്പോ അതിരാവിലെ എഴുന്നേൽക്കേണ്ടിവരും ..ഈ കറണ്ടിനെ കൊണ്ട് കിട്ടിയ ഒരു ഉപകാരം ...റൂമിൽ കയറി വാതിലടച്ചു ..വല്ലാത്ത ചൂട് .ജനൽ പാളികൾ മെല്ലെ തുറന്നു..വാതിൽ തുറന്നു കിട്ടാൻ വെമ്പി നിൽക്കുന്ന വികൃതി ചെറുക്കനെ പോലെ നല്ല തണുത്ത കാറ്റ് മുറിയിലേക്ക് ഇരച്ചു കയറി ..പുറത്ത് നല്ല ഇരുട്ട് .നേരത്തെ ചിരിച്ചു കാണിച്ച അമ്പിളി മാമനും മേഘങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്നു .ഏറെ സ്നേഹിച്ചിട്ടും മക്കളിൽ നിന്ന് പഴി കേൾക്കേണ്ടി വന്ന അമ്മയെ പോലെ പ്രകൃതി മുഖത്ത് സങ്കടം നിറച്ചു നിന്നു .ഇപ്പോൾ തുളുമ്പുമെന്ന മട്ടിൽ കണ്ണുകളിൽ സങ്കട മേഘങ്ങൾ തിരയടിച്ചു ..വിതുമ്പലിൻറെ ദീർഘ നിശ്വാസങ്ങളായി കാറ്റിൻറെ ശക്തി കൂടി വന്നു .നെഞ്ചിലെ വിങ്ങലുകൾ മിന്നൽ പിണരുകളായി....ഒടുവിൽ തുളുമ്പി തൂവി പേമാരിയായി പെയ്തു തുടങ്ങി ...കൈകൾ ജനൽ പടിയിൽ മടക്കി വച്ച് അതിൽ താടിയമർത്തി മഴ നോക്കിയിരിക്കുമ്പോൾ എന്തൊരു സുഖമാണ് .മുറിക്കുള്ളിലെ ചൂടുപിടിച്ച വായു ഉയർന്നു പൊങ്ങി, അകത്തൊരു ശൂന്യത നിറച്ച് ,വെന്റിറ്ററിലൂടെ പുറത്തേക്കു പോയി ..ആ ശൂന്യതയിലേക്ക് പുറത്ത് നിന്നും ഈർപ്പം നിറച്ച വായു ഇരച്ചു കയറി .ചൂടിൽ വിങ്ങി നിന്ന ശരീരത്തിൻറെ ഓരോ അണുവിലേക്കും ആ തണുപ്പ് അരിച്ചു കയറി ..അമ്മയുടെ തണുപ്പാർന്ന കൈകൾ കൊണ്ടുള്ള തലോടൽ പോലെ ....കണ്ണുകൾ മെല്ലെ അടഞ്ഞു വരുന്നു ..പെട്ടെന്ന് ദിഗന്തം നടുക്കുന്ന ഒരു മിന്നൽ പിണർ മുന്നിൽ വന്നു പതിച്ചു...അതൊരു വലിയ ഗോവണിയായി..അങ്ങാകാശത്തിൻറെ അനന്തതയിലേക്ക് അത് വിരൽ ചൂണ്ടുന്ന പോലെ ..മെല്ലെ ആ വെള്ളിനിറമാർന്ന പടികളിൽ കാലമർത്തി ..മുകളിലേക്ക് മുകളിലേക്ക് ഓരോ പടിയും ആനയിച്ചു കൊണ്ട് പോകുന്ന പോലെ .ഒട്ടും ഭാരം തോന്നുന്നേയില്ല ..അപ്പൂപ്പൻതാടി പോലെ ..താഴെ ഭൂഗോളം ചെറുതായി ചെറുതായി വന്നു ...അനിയൻ കുട്ടൻറെ കയ്യിലുള്ള പന്ത് പോലെ ..നീല നിറമാർന്ന ഒരു പന്ത് ...മെല്ലെ മെല്ലെ അതിനപ്പുറത്തും ഇപ്പുറത്തുമായി മറ്റു നിറത്തിലുള്ള പന്തുകളും പ്രത്യക്ഷപ്പെട്ടു ...ചുവപ്പ് നിറത്തിലുള്ളതും ..ബ്രൌൺ നിറത്തിലുള്ളതും ചാര നിറത്തിലുള്ളതും ..ഓറഞ്ച് നിറത്തിലുള്ളതും അങ്ങിനെ അങ്ങിനെ ..പുഴയിൽ കാണുന്ന ചുഴിയിൽ പെട്ടതു പോലെ അവ ഒരു വലിയ തിളങ്ങുന്ന പന്തിനെ ചുറ്റിക്കറങ്ങുന്നു...വീണ്ടും മുകളിലേക്ക് കയറും തോറും ആ ചുഴിയും അതിലുള്ള പന്തുകളും ചെറുതായി വന്നു ...അതുപോലെയുള്ള നിരവധി ചുഴികൾ പ്രത്യക്ഷപ്പെട്ടു ..വീടിനു പിന്നിലുള്ള പൊടിമണ്ണിൽ കുഴിയാനകൾ കുഴി കുട്ടിയ പോലെ ...കുറച്ചു കഴിഞ്ഞപ്പോൾ അവയും കണ്ണിൽ നിന്ന് മറഞ്ഞു ...ഇപ്പോൾ ആകെ ഇരുട്ടാണ് ഒന്നും കാണുന്നില്ല ഒരു വല്ലാത്ത ശൂന്യത ...മിന്നൽ ഗോവണിയുടെ അറ്റം കാണാനാകുന്നില്ല അത് ഏതോ ഇരുട്ടു കുഴിയിലേക്ക് ചെന്നവസാനിക്കുന്നത് പോലെ ...പെട്ടെന്ന് ശരീര ഭാരം വല്ലാതെ വർധിക്കുന്നത് പോലെ ...ആ ഇരുട്ടിൻറെ കുഴി മാടി വിളിക്കുന്നത് പോലെ ..അതിൽ നിന്ന് അശരീരി പോലെ ഒരു ശബ്ദം ...എന്നിലേക്ക് വരൂ എന്നിൽ നിന്നാണ് എല്ലാത്തിന്റെയും തുടക്കം ..എല്ലാത്തിന്റെയും ഒടുക്കവും ...മനസ്സിൽ ഭയം വന്നു നിറഞ്ഞു ...വേണ്ട ..വേണ്ട .. എനിക്ക് തിരിച്ചു പോകണം ..പക്ഷെ അതിവേഗം ആ കുഴിയിലേക്ക് വീണു കൊണ്ടിരിക്കുകയാണ് അതിവേഗത ..പ്രകാശവേഗതയേക്കാൾ വേഗം...ഒരു ഫണലിലൂടെ എന്ന പോലെ അതിലേക്ക് വീണു തൊണ്ടയിൽ നിന്ന് ഒരു ആർത്തനാദം ഉയർന്നു "അമ്മേ.....".പെട്ടെന്ന് ഫണലിൻറെ അങ്ങേ അറ്റത്തുനിന്ന് ഒരു തുരംഗത്തിൻറെ അങ്ങേ അറ്റത്ത് നിന്നെന്ന പോലെ അമ്മയുടെ ദുർബലമായ ശബ്ദം .."മോളെ ജാനീ ..ജാനി ..."കൈകൾ നീട്ടി അമ്മയുടെ കൈകൾ പരതി .. പുഴയിലെ ചുഴിയിൽ നിന്നും അമ്മയുടെ കൈകളിലേക്ക് എത്തിപിടിച്ചു ..."ജാനീ ..ജാനീ .." അമ്മയുടെ ശബ്ദത്തിനു കൂടുതൽ ബലം വന്നിരിക്കുന്നു മെല്ലെ കണ്ണ് തുറന്നു നോക്കി ..ചുറ്റിലും ആകെ വെളിച്ചം ...അരികിൽ കസേര മറിഞ്ഞു കിടക്കുന്നു..ചുറ്റിലും അമ്മയും അച്ഛനും അനിയൻ കുട്ടനും ..എല്ലാവരുടെയും മുഖത്ത് ചിരിയുണ്ട് ..അമ്മ ചിരിച്ചു കൊണ്ട് ചോദിച്ചു "ഇന്ന് എൻറെ മോള് ഏതൊക്കെ ഗാലക്സിയിലൂടെ സഞ്ചരിച്ചു ? ചെറിയ ചമ്മലോടെ പറഞ്ഞു . .." ഇന്ന് ബ്ലാക്ക് ഹോൾ ആയിരുന്നു " ,"ഓരോരോ പുസ്തകങ്ങളും വായിച്ച് വീഡിയോയും കണ്ട് ഇങ്ങനത്തെ ഓരോ സ്വപ്നവും കണ്ടിരുന്നോ ..പരീക്ഷക്ക് ഉള്ളതൊന്നും പഠിക്കണ്ട .." , അച്ഛൻ രക്ഷക്കെത്തി "അവൾ സ്വപ്നം കാണട്ടേ...സ്വപ്നം കണ്ട് വളർന്നവരെ എന്തെങ്കിലുമൊക്കെ ആയിട്ടുള്ളൂ ..

–നിരഞ്ജന





# പുഴയൊഴുകും വഴി

എവിടേക്ക് എന്നില്ലാതെ ഒഴുകി ക്കൊണ്ടിരികുകയാണ് നമ്മുടെ കുന്തിപ്പുഴ .ഒറ്റ നോട്ടത്തിൽ തന്നെ മനസിലാക്കാം കുന്തിപ്പുഴ വളരെ വിഷമത്തിലാണ്. കാരണം എന്താണ് എന്ന് അറിയാൻ വേണ്ടി അണ്ണാര ക്കണ്ണൻ കുന്തിപ്പുഴയുടെ അടുത്തേക്ക് പോയി. ഹേയ് , "എന്റെ സുന്ദരിയായ പുഴയെ നീ എന്തിനാണ് ഇങ്ങനെ വിഷമിച്ചിരിക്കുന്നത്. " എന്ന് ചോദിച്ചു. അത് കേട്ടതും കുന്തിപ്പുഴ പൊട്ടി കരഞ്ഞ് കൊണ്ട് പറഞ്ഞു നിനക്ക് എന്റെ അവസ്ഥ അറിയാഞ്ഞിട്ടണ് ഞാൻ എത്ര വിഷമത്തിലാണെന്ന് അറിയാമോ.പുഴയുടെ ഈ വാക്കുകൾ കേട്ട അണ്ണാര ക്കണ്ണൻ വല്ലാതായി . ഇത്ര ഭംഗിയും തെളിച്ചവും ഉള്ള നിനക്കെന്താണ് ഇത്ര സങ്കടം? അത് ഞാൻ പറയണോ ? എന്റെ അവസ്ഥയൊന്ന് നോക്ക് .എത്ര പ്ലാസ്റ്റിക് കുപ്പികളാണ് എന്റെ ദേഹത്ത് പിന്നെ എത്ര ചപ്പ് ചവറുകളാണ് ഇവിടെ എന്നെ വറ്റിച്ച മണൽ എടുക്കുന്നു .ഒന്നും പറയണ്ട എന്റെ ജീവിതം തീരാറായി . ഓ... അപ്പോൾ നമ്മളെല്ലാവരും അടങ്ങുന്ന പ്രകൃതിമനുഷ്യൻമാർ കാരണം ഇല്ലാതായി ക്കൊണ്ടിരിയ്ക്കുകയാണ് അല്ലേ .മനുഷ്യർ പണത്തിനു പിന്നാലെ ഓടി കൊണ്ടിരിക്കുകയാണ് .അണ്ണാൻ കുഞ്ഞേ അവർക്ക് മുന്നിൽ എന്ത് തടസം വന്നാലും അതെല്ലാം വെട്ടി മാറ്റി കൊണ്ട് ഓടും അതാ അവരുടെ സ്വഭാവം . "അതെ ഇപ്പോഴത്തെ തലമുറർക്ക് വേണ്ടി അവരുടെ പൂർവികർ എന്തെല്ലാം ചെയ്തു... മരങ്ങൾ നട്ടു,വെള്ളം പഴകിയിരുന്നില്ല,

പ്ലാസ്റ്റിക് ഉപയോഗിച്ചിരുന്നില്ല ഇപ്പൊ എന്തായി ഭൂമിയുടെ അവസ്ഥ ഭൂമി അമ്മയാണത്രേ . അടുത്ത ലോക മഹായുദ്ധം വെള്ളത്തിനു വേണ്ടി ആയിരിക്കും ന്നാ പറയണത്. "ആ പിന്നെ വന്ന കാര്യം പറയാൻ മറന്നു.ഞാൻ അക്കരയിലുള്ള പുഴ വക്കത്തുള്ള തേങ്ങിലോട്ടു പോവാണ് . നീ എന്തായാലും വരണം. "അല്ല അണ്ണാര കണ്ണാ നീ കഴിഞ്ഞ മാസല്ലെ ഇക്കരയിലുള്ള തേങ്ങിലേക്ക് മാറിയത് ഇത്ര പെട്ടന് എന്താ അവിടേക്ക് ? അത് പിന്നെ ആ തെങ്ങ് കുറെ ആളുകൾ ചേർന്ന് വെട്ടി കളഞ്ഞു അപ്പോൾ ഞാൻ ഇങ്ങോട്ട് മാറി ഇനി ഈ തെങ്ങ് എന്നാണോ മുറിക്കുന്നത്... അത് പെട്ടന്ന് തന്നെ മുറിക്കുമായിരിക്കും കാരണം അവിടെ ഒരു വലിയ സോപ്പ് ഫാക്ടറി വരാൻ പോവുകയാണ്. പിന്നെ നമ്മുടെയൊക്കെ കാര്യം കഷ്ടമാണ് . അവർ സന്തോഷിക്കട്ടെ. പെട്ടന്ന് പുഴയുടെ ഭാവം മാറി അവൾ കുതിച്ച് പായാൻ തുടങ്ങി .കലങ്ങി മറിഞ്ഞ് എന്താണാവോ.....?


ഫാത്തിമ ഷദ



Fidha Fathima



Nishya





shahana sherin

DESIGNED BY

MUHAMMED SHAH

MUHAMMED YUSRI

AHBHAN